# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ 276 — 10.06.2013-ലെ മറുപടിക്ക്

### ജയിലുകളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) എല്ലാ ജില്ലകളിലും സ്പെഷ്യൽ സബ് ജയിൽ സ്ഥാപിക്കാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ; | എ) 10.05.2013-ലെ ജി.ഒ. (എം.എസ്.) നം. 128/2013/ഹോം എന്ന ഉത്തരവുപ്രകാരം 10 സബ് ജയിലുകളെ സ്പെഷ്യൽ സബ് ജയിലുകളായി ഉയർത്തിയിട്ടുണ്ട്. കൂടാതെ 10.05.2013-ലെ ജി.ഒ.(എം.എസ്.) നം. 129/2013/ഹോം എന്ന ഉത്തരവു പ്രകാരം മൂന്നു സബ് ജയിലുകളേയും രണ്ട് സ്പെഷ്യൽ സബ് ജയിലുകളേയും ജില്ലാ ജയിലുകളായും ഉയർത്തിയിട്ടുണ്ട്. |
| ബി) ജയിലുകളിൽ എന്തൊക്കെ പരിഷ്ക്കാരങ്ങളാണ് വരുത്താനുദ്ദേശിക്കുന്നത്; | ബി) ജയിലുകളുടെ നവീകരണം, തടവുകാരുടെ ക്ഷേമം, പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി 2013-14 സാമ്പത്തിക വർഷം ജയിലുകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| സി) തടവുകാരുടെ ആരോഗ്യവും സുരക്ഷിതത്വവും സംരക്ഷിക്കുന്നതോടൊപ്പം അവർ ജയിൽ ചട്ടങ്ങൾ ലംഘിക്കുന്നത് തടയുന്നതിനായി എന്തു നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; | സി) തടവുകാർ ജയിൽ ചട്ടങ്ങൾ ലംഘിക്കുന്നത് തടയുന്നതിനായി തടവുകാരെ പാർപ്പിച്ചിട്ടുള്ള ബ്ലോക്കുകളിലും സെല്ലുകളിലും അതുപോലെ അവരെ ജോലിയ്ക്ക് നിയോഗിക്കുന്ന സ്ഥലങ്ങളിലും അവരുടെ മേൽനോട്ടത്തിനായി വാർഡർ സ്റ്റാഫിനെ ദിവസം മുഴുവനും ജയിൽ ചട്ടങ്ങൾ നിഷ്കർഷിക്കും പ്രകാരം ഡ്യൂട്ടിക്ക് നിയോഗിക്കാറുണ്ട്. ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലല്ലാതെ തടവുകാരെ ആരെയുംതന്നെ സ്വതന്ത്രമായി സഞ്ചരിക്കുവാൻ അനുവദിക്കാറില്ല. പരോളിൽ പുറത്തുപോകുന്ന തടവുകാർ പരോൾ ചട്ടങ്ങൾ ലംഘിക്കാതെ നല്ലനടപ്പിൽ കഴിയുന്നതിനും പരോൾ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് കൃത്യമായി ജയിലിൽ |

| | |
|---|---|
| | തിരികെ കയറുന്നതിനും തടവുകാരനെ നിരീക്ഷിക്കുന്നതിന് സ്ഥലം പോലീസിന് നിർദ്ദേശം നൽകാറുണ്ട്. പോലീസ് ഇക്കാര്യം കൃത്യമായി നിർവ്വഹിക്കാറുമുണ്ട്.<br><br>ജയിലിൽ തടവുകാരുടെ പാറാവ് ഡ്യൂട്ടിക്ക് നിയോഗിക്കുന്ന വാർഡർ സ്റ്റാഫ് ഡ്യൂട്ടിയിൽ വീഴ്ച വരുത്താതിരിക്കുന്നതിന് മേലുദ്യോഗസ്ഥർ കൂടെക്കൂടെ പരിശോധിക്കാറുണ്ട്. മേഖലാ ഡി.ഐ.ജി.മാരും ജയിൽ ഡി.ജി.പി.യും മുന്നറിയിപ്പില്ലാതെ ജയിലുകൾ സന്ദർശിച്ച് ഡ്യൂട്ടികാര്യങ്ങളിൽ ഉദ്യോഗസ്ഥർ വീഴ്ച വരുത്തുന്നുണ്ടോ എന്ന് പരിശോധന നടത്താറുണ്ട്.<br><br>സംസ്ഥാനത്തെ 3 സെൻട്രൽ ജയിലുകളിലും പ്രധാനപ്പെട്ട ജില്ലാ ജയിലുകളിലും തടവുകാരുടെ നിരീക്ഷണം കാര്യക്ഷമമാക്കുന്നതിനുവേണ്ടി സി.സി.ടി.വി. സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. |
| ഡി) ഇപ്പോൾ സംസ്ഥാനത്തെ വിവിധ ജയിലുകളിലായി എത്ര തടവുകാരാണുള്ളത്; അതിൽ വിചാരണ തടവുകാരെത്ര; അവരെ മറ്റു തടവുകാർക്കൊപ്പം താമസിപ്പിക്കുന്ന രീതി ഉപേക്ഷിക്കുമോ; വ്യക്തമാക്കുമോ? | ഡി) സംസ്ഥാനത്തെ വിവിധ ജയിലുകളിലായി 5.6.2013-ലെ കണക്കനുസരിച്ച് 7149 തടവുകാരാണുള്ളത്. അതിൽ 4457 വിചാരണ തടവുകാരും ഉണ്ട്.<br><br>സംസ്ഥാനത്തെ ജയിലുകളുടെ ആകെ പാർപ്പിട സൗകര്യം 6657 ആണ്. എന്നാൽ 7000 എണ്ണത്തിന് മുകളിൽ തടവുകാർ സംസ്ഥാനത്തെ ജയിലുകളിൽ കഴിയുന്നു. അംഗീകൃത പാർപ്പിട സൗകര്യത്തിനേക്കാൾ കൂടുതലായി തടവുകാരെ ജയിലുകളിൽ പാർപ്പിക്കേണ്ടി വരികയാണ്. ശിക്ഷാ പ്രതികളേയും റിമാന്റ് പ്രതികളെയും ഒന്നിച്ചാണ് പാർപ്പിക്കേണ്ടി വരുന്നത്. സംസ്ഥാനത്ത് തൃശ്ശൂർ ജില്ലയിൽ ഒരു ഹൈസെക്യൂരിറ്റി ജയിലും, തവനൂരിൽ ഒരു സെൻട്രൽ ജയിലും അതുപോലെ പാലക്കാട്, തൊടുപുഴ, മുട്ടം എന്നീ സ്ഥലങ്ങളിൽ ജില്ലാ ജയിലുകളുടെയും നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. കൂടാതെ തൃശ്ശൂരിൽ ഒരു ജില്ലാ ജയിലും പണിതു വരുന്നു. പുതിയതായി നിർമ്മിക്കുന്ന ഈ ജയിലുകളുടെ പണി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചാൽ മാത്രമേ സംസ്ഥാനത്തെ ജയിലുകളിൽ ശിക്ഷാ തടവുകാരെയും, റിമാന്റ് തടവുകാരെയും വേർതിരിച്ച് പാർപ്പിക്കുന്നതിന് സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

us 276 / 17/6

# അനുബന്ധം

**I ജയിലുകളുടെ നവീകരണം**

(1) 16 ജയിലുകളിൽ മഴവെള്ള സംഭരണി സ്ഥാപിക്കൽ

(2) 7 ഇലക്ട്രിക് സ്കൂട്ടറുകൾ വാങ്ങുന്നു.

(3) ജയിലുകളിലെ ആവശ്യത്തിനായി ഫോട്ടോകോപ്പിയറുകൾ വാങ്ങുന്നു.

(4) എറണാകുളം ജില്ലാജയിലിൽ സി.സി.ടി.വി. സർവെയ്‌ലൻസ് സിസ്റ്റം സ്ഥാപിക്കുന്നു.

(5) വിയ്യൂർ, കണ്ണൂർ എന്നീ സെൻട്രൽ ജയിലുകളിൽ EPABX സംവിധാനം സ്ഥാപിക്കുന്നു.

"ജയിലുകളുടെ നവീകരണം" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി മുകളിൽ പറഞ്ഞ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി സർക്കാർ 250 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**II തടവുകാരുടെ ക്ഷേമം**

(1) 7 ജയിലുകളിലേയ്ക്ക് ആംബുലൻസുകൾ വാങ്ങുന്നു.

(2) 7 ജയിലുകളിൽ ഇഡ്ഡലി, ബേക്കറി നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുന്നു.

(3) ജയിലുകളിലേയ്ക്ക് ആശുപത്രി ഉപകരണങ്ങൾ വിതരണം നടത്തുന്നു.

(4) കണ്ണൂർ, വിയ്യൂർ എന്നീ സെൻട്രൽ ജയിലുകളിൽ പൗൾട്രി ഫാമുകൾ സ്ഥാപിക്കുന്നു.

(5) എല്ലാ ജയിലുകളിലും ജയിൽദിനാഘോഷം സംഘടിപ്പിക്കുന്നു.

(6) കറക്ഷണൽ അഡ്മിനിസ്ട്രേഷൻ സംബന്ധിച്ചുള്ള സംസ്ഥാനതല സെമിനാർ സംഘടിപ്പിക്കുന്നു

(7) ജയിലുദ്യോഗസ്ഥർക്ക് റിഫ്രഷർ കോഴ്സുകൾ സംഘടിപ്പിക്കുന്നു.

(8) അവശേഷിക്കുന്ന ജയിലുകളിൽ എഫ്.എം.റേഡിയോ സംവിധാനം സ്ഥാപിക്കുന്നു.

(9) ജയിലുകളിലേയ്ക്ക് ഇൻഡോർ ഗെയിംസ് ഉപകരണങ്ങൾ വാങ്ങുന്നു.

(10) ജയിലുകളിലേയ്ക്ക് ലൈബ്രറി ഫർണിച്ചറുകൾ വാങ്ങുന്നു.

(11) ജയിലുകളിലേയ്ക്ക് ടെലിവിഷൻ സെറ്റുകൾ വാങ്ങുന്നു.

"തടവുകാരുടെ ക്ഷേമം" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി മുകളിൽ പറഞ്ഞ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി സർക്കാർ 250 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## III പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ്

(1) ജയിലുകൾക്ക് ചുറ്റുമതിൽ നിർമ്മിക്കുന്നു.

(2) തിരുവനന്തപുരം സെൻട്രൽ ജയിലിൽ ബ്രിക്വറ്റിംഗ് യൂണിറ്റ് സ്ഥാപിക്കുന്നു.

( ) തിരുവനന്തപുരം സെൻട്രൽ ജയിലിൽ മാലിന്യത്തിൽ നിന്നും ഊർജ്ജം ഉത്പാദിപ്പിക്കുന്നതിനായി 5 ടൺ കപ്പാസിറ്റിയുള്ള ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നു.

(4) തിരുവനന്തപുരം സെൻട്രൽ ജയിലിൽ പ്ലാസ്റ്റോൺ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നു.

"പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ്" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി മുകളിൽ പറഞ്ഞ വികസന പ്രവർത്തനങ്ങൾക്ക് പുറമെ, 2011-12, 2012-13 എന്നീ സാമ്പത്തിക വർഷങ്ങളിലെ തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി സർക്കാർ 38.50 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ